**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3432 — 18.2.2013 - ൽ മറുപടിയ്ക്ക്

കൃഷിഭവൻ വഴിയുള്ള നാളികേര സംഭരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) നാളികേരത്തിന്റെയും കൊപ്രയുടേയും വിലയിടിവ് മൂലം കർഷകർക്ക് ഭീമമായ നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) ഉണ്ട്. ഈ നഷ്ടത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്ര സംഭരണം നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും, മാർക്കറ്റ് ഫെഡും മുഖേന നടപ്പിലാക്കി വരുന്നു. 2012 സീസണിലേയ്ക്ക് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100/- രൂപയ്ക്കും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 5350/- രൂപയ്ക്കുമാണ് സംസ്ഥാനത്ത് കൊപ്രസംഭരണം നടപ്പിലാക്കി വരുന്നത്. കേരഫെഡ് 102 സംഘങ്ങൾ മുഖേന 10807.55 ടൺ കൊപ്രയും മാർക്കറ്റ് ഫെഡ് 48 സംഘങ്ങൾ മുഖേന 7324.61 ടൺ കൊപ്രയും ഇതിനകം സംഭരിച്ചിട്ടുണ്ട്. ഇതു കൂടാതെ കൃഷി ഭവനുകൾ വഴി കർഷകരിൽ നിന്നും പച്ചത്തേങ്ങ നേരിട്ട് സംഭരിച്ച് കേരഫെഡ് മുഖേന കൊപ്രയാക്കുന്നതിനുള്ള പദ്ധതി സംസ്ഥാന സർക്കാർ 2013 ജനുവരി മാസം ഒന്നാം തീയതി മുതൽ നടപ്പിലാക്കി വരുന്നു. |

(ബി) കൃഷിഭവൻ നാളികേരവും കൊപ്രയും കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എത്ര നാളികേരവും കൊപ്രയും സംഭരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും നേരിട്ട് പച്ചനാളീകേരമാണ് കൃഷിഭവനിലൂടെ സംഭരിക്കുന്നത്. കൃഷിഭവൻ നേരിട്ട് കൊപ്രയായി സംഭരണം നടത്തുന്നില്ല. കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം കേരഫെഡും മാർക്കറ്റ്ഫെഡും അവരുടെ സഹകരണസംഘങ്ങളിലൂടെ യാണ് കർഷകരിൽ നിന്നും കൊപ്ര സംഭരിക്കുന്നത്. 8/2/2012 വരെ 236.49 മെട്രിക് ടൺ പച്ചത്തേങ്ങയാണ് കൃഷി ഭവനിലൂടെ സംഭരിച്ചിട്ടുള്ളത്.

(സി) നാളികേരത്തിന്റെയും കൊപ്രയുടെയും താങ്ങുവില എത്ര രൂപയാണ്; അത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ;

(സി) കൃഷി ഭവനിലൂടെ നടപ്പാക്കി വരുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതിയിൽ കിലോയ്ക്ക് 16/- രൂപയാണ് ഇപ്പോൾ താങ്ങുവില നൽകുന്നത്.

കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം 2012 സീസണിൽ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100/- രൂപയും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 5350/- രൂപയുമാണ് താങ്ങുവിലയായി പ്രഖ്യാപിച്ചിരുന്നത്. 2013 സീസണിൽ കേന്ദ്രസർക്കാർ മില്ലിംഗ് കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 5250/- രൂപയായും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 5500/- രൂപയായും ഉയർത്തിയിട്ടുണ്ട്.

പച്ചത്തേങ്ങയ്ക്ക് കിലോക്ക് 18/- രൂപ നിരക്കിൽ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കൃഷിഭവൻ വഴി നാളിതുവരെ സംഭരിച്ച നാളികേരത്തിന്റെയും കൊപ്രയുടെയും വില കർഷകർക്ക് നൽകിയോ; വിശദമാക്കാമോ;

(ഡി) കൃഷി ഭവൻ വഴി സംഭരിക്കുന്ന പച്ച നാളീകേരത്തിന്റെ വില കർഷകർക്ക് അന്നന്ന് തന്നെ ഇ പേയ്മെന്റ് വഴി നൽകി വരുന്നു.

| | | | |
|---|---|---|---|
| (ഇ) | കൃഷിഭവൻ വഴി നാളികേര സംഭരണം ആരംഭിച്ചതിന്റെ ഫലമായി പൊതുമാർക്കറ്റിൽ നാളികേരത്തിന്റെ വില വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (ഇ) | പച്ചത്തേങ്ങ സംഭരണം തുടങ്ങിയതോടൊപ്പം കച്ചവടക്കാർ വില കൂട്ടി നാളീകേരം വാങ്ങാൻ തുടങ്ങിയിട്ടുണ്ട്. പൊതുവിപണിയിലും നാളീകേരത്തിന്റെ വില വർദ്ധിച്ചതായി കാണുന്നുണ്ട്. സംഭരിക്കുന്ന തേങ്ങയുടെ വില അന്നന്ന് തന്നെ ഇ പേയ്മെന്റ് വഴി കർഷകർക്ക് നൽകി പദ്ധതി നടപ്പാക്കുന്നതാണ് വിപണിയിൽ വില ഉയരുവാൻ കാരണമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ